വി.ടി. ഇന്ദുചൂഡൻ

## ഞാൻ നിങ്ങളുടെ കൂടെയുണ്ട്

അല്ലാഹുവിന്റെ കൽപനകൾ മനുഷ്യർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള ഒരു പ്രസ്ഥാനമായിട്ടാണ് ഞാൻ ജമാഅത്തെ ഇസ്‌ലാമിയെ കണ്ടത്. ഈ നിലക്കാണ് അടുത്ത കാലത്ത് ജമാഅത്തെ ഇസ്‌ലാമിയുമായി ചില രംഗങ്ങളിൽ സഹകരിച്ചുപോന്നത്. അല്ലാഹുവാകട്ടെ, ഈശ്വരനാകട്ടെ, കർത്താവാകട്ടെ ദിവ്യമായ ഒരു മഹാശക്തി ഉണ്ടെന്നുള്ള വിശ്വാസമാണ് എല്ലാ സമൂഹങ്ങളെയും കാലാകാലമായി ഒന്നിച്ച് നിർത്തിക്കൊണ്ടിരുന്നത്. ഈശ്വര വിശ്വാസത്തിന്റെ ഭാഗമാണല്ലോ സദാചാരങ്ങളും ധർമശാസ്ത്രങ്ങളും. കക്കരുത്, സകാത്ത് കൊടുക്കണം, അയൽപക്കക്കാരെ സ്നേഹിക്കണം, കളവ് പറയരുത്, മാതാപിതാക്കന്മാരെ സ്നേഹിക്കുകയും ബഹുമാനിക്കുകയും വേണം മുതലായ ശാസനകൾ എല്ലാ മതങ്ങളുടെയും ഭാഗമാണ്. മതം രാഷ്ട്രീയത്തിൽ ഇടപെടാൻ പാടില്ല എന്ന് ചിലർ പറയുന്നുണ്ടല്ലോ. എന്നുവെച്ചാൽ ഈ സദാചാര പ്രമാണങ്ങളെ രാഷ്ട്രീയക്കാർക്ക് പാടില്ല എന്നാണോ എന്ന് ഞാൻ പലപ്പോഴും ചോദിച്ചുപോകാറുണ്ട്.

മനുഷ്യനിർമിത നിയമങ്ങളെയൊന്നും ആളുകൾ ഭയപ്പെടാറില്ല. ചരിത്രത്തിൽ ഒരു രാജ്യത്തും ഒരു കാലത്തും സർക്കാറിന്റെ നിയമങ്ങളുള്ളത്കൊണ്ട് മാത്രം മനുഷ്യർ കുറ്റവിമുക്തരായിട്ടില്ല. ദൈവശിക്ഷയെ പറ്റിയുള്ള ഭയം മാത്രമാണ് കുറ്റം ചെയ്യുന്നതിൽനിന്ന് മനുഷ്യനെ രക്ഷപ്പെടുത്തുന്നത്. മേൽപറഞ്ഞതിന് ഒന്നാംനമ്പർ തെളിവാണ് അടുത്ത കാലത്ത് കമ്യൂണിസ്റ്റ് ലോകത്തിൽ കണ്ട തകർച്ച. കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ ഈശ്വരവിശ്വാസത്തെ പ്രോത്സാഹിപ്പിക്കുന്നില്ല എന്ന് പ്രസിദ്ധമാണല്ലോ. മാത്രമല്ല, പലപ്പോഴും ഈശ്വര വിശ്വാസത്തെ നിരുത്സാഹപ്പെടുത്തുകയും ചയ്യുന്നുണ്ട്. ഇതിൽനിന്ന് സംഭവിച്ചതാണ് ധാർമബോധത്തിന്റെയും സദാചാരത്തിന്റെയും തകർച്ച. അവിടങ്ങളിൽ അഴിമതികൾ വളർന്നു വരികയും സത്യസന്ധതയില്ലാതായിത്തീരുകയും പരദ്രോഹ ചിന്ത വർധിക്കുകയും ചെയ്തപ്പോഴാണ് സമൂഹവും ഉൽപാദനവും ഭരണയന്ത്രങ്ങളും തകർന്നത്. ഞാൻ കമ്യൂണിസ്റ്റ് രാജ്യങ്ങളിൽ പോവുകയും സ്ഥിതിഗതികൾ നേരിട്ട് കാണുകയും ചെയ്തിട്ടുള്ള ആളാണ്.

ഈ പശ്ചാത്തലത്തിൽ അല്ലാഹുവിന്റെ കൽപനകൾ മുമ്പെന്നത്തേക്കാളേറെ പ്രസക്തമാമെന്ന് എനിക്ക് തോന്നിയതിനാൽ ജമാഅത്തെ ഇസ്‌ലാമിയുമായി സഹകരിച്ച് പ്രവർത്തിക്കും. പ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും അല്ലാഹുവാണ് നിശ്ചയിക്കുന്നത്. അല്ലാഹുവിന്റെ കൽപനകൾ അനുസരിക്കുക മാത്രമേ നാം ചെയ്യേണ്ടതുള്ളൂ. ഈ കൽപനകളെ ധിക്കരിക്കുന്നവരെ അല്ലാഹു ശിക്ഷിക്കും. എന്റെ ഇരുപത്തിരണ്ട് വയസ്സിൽ ഞാൻ രാഷ്ട്രീയരംഗത്ത് പ്രവർത്തനം തുടങ്ങി. ആദ്യം കോൺഗ്രസുകാരനായി സ്വതന്ത്ര്യസമരത്തിൽ പങ്കെടുത്തു. പിന്നീട് കമ്യൂണിസ്റ്റ്കാരനായിത്തീർന്നു. 50 വയസ്സാകുന്നതിന് മുമ്പ് ആ രാഷ്ട്രീയ പാർട്ടിയോട് വട പറഞ്ഞു. യാതൊരു രാഷ്ട്രീയ പാർട്ടികളുമായും എനിക്ക് നേരിട്ട് ബന്ധമില്ലാതായിട്ട് കാൽ നൂറ്റാണ്ടോളമായി. രാഷ്ട്രീയ കാര്യങ്ങളിൽ എനിക്ക് അഭിപ്രായമുണ്ട്. പക്ഷേ, പാർട്ടിയില്ല. എന്റെ ജീവിതത്തിൽ ഞാൻ ഒരു ഭാഗ്യം ചെയ്തിരുന്നേനെ. കമ്യൂണിസ്റ്റ്കാരനായിരിക്കുമ്പോൾ പോലും അമ്പലത്തിൽ പോയിരുന്നു എന്നതാണത്. കമ്യൂണിസ്റ്റ് പ്രവർത്തകനായിരിക്കുന്ന കാലത്ത് എന്റെ കുട്ടിയുടെ ചോറൂണിന് ഞാൻ ഗുരുവായൂർ ക്ഷേത്രത്തിൽ പോയപ്പോൾ പരേതനായ ഒ.എം.സി. നാരായണൻ നമ്പൂതിരി പ്പാട് എന്നെ കളിയാക്കിയത് ഇന്നും ഞാൻ ഓർക്കുന്നു.

ജമാഅത്തെ ഇസ്‌ലാമിയോട് എനിക്ക് സ്നേഹബന്ധം തോന്നാനുള്ള കാരണം അല്ലാഹുവിന്റെ കൽപനകൾ എല്ലാ മനുഷ്യരിലും പരക്കട്ടെ എന്ന ആഗ്രഹം കൊണ്ട് മാത്രമാണ്. ഏതോ ഒന്നുരണ്ട് ജമാഅത്തെ ഇസ്‌ലാമി സമ്മേളനങ്ങളിൽ ദൈവവിശ്വാസികളുടെ ഐക്യമുന്നണിയാണ് ഇന്ന് ആവശ്യം എന്ന് ഞാൻ ചൂണ്ടിക്കാണിച്ചത് ഓർക്കുന്നു. ഇതിനായി മുൻകൈയെടുക്കാൻ കഴിവുള്ള ഒരു പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. എങ്കിൽ ഞാൻ നിങ്ങളുടെ കൂടെയുണ്ട്. എനിക്ക് 72 വയസ്സായി. ധാരാളം ലോകപരിചയമുള്ള ആളാണ്. കക്ഷിരാഷ്ട്രീയത്തിൽനിന്നും തെരഞ്ഞെടുപ്പ് രാഷ്ട്രീയത്തിൽനിന്നും നൂറ് കിലോമീറ്റർ ദൂരെയാണ് ഞാൻ നിൽക്കുന്നത്.